പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5186 22.05.2017-ലെ മറുപടി

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ വിവിധ ജലവിതരണ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ; | എ | കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലാതല ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ശുദ്ധീകരണശാലയോടനുബന്ധിച്ചും ലാബുകൾ നിലവിലുണ്ട്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പ്രസ്തുത ലബോറട്ടറികളിൽ പരിശോധിച്ച് IS 10500-2012 നിഷ്കർഷിക്കുന്ന അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്.<br><br>ജലനിധി രണ്ടാംഘട്ട പദ്ധതിയിൻകീഴിൽ ജലവിതരണ പദ്ധതിയുടെ ഭാഗമായി കിണർ കുഴിക്കുന്നതിനു മുമ്പായി സമീപത്തെ കിണറുകളിൽ നിന്നും, പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം കുടിവെള്ളസ്രോതസ്സിൽ നിന്നും ശേഖരിക്കുന്ന വെള്ളം വാട്ടർ അതോറിറ്റി ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ തുടർന്നും ടെസ്റ്റുകൾ നടത്തുന്നു. കൂടാതെ പദ്ധതി കമ്മീഷൻ ചെയ്തശേഷം ഉപഭോക്താക്കൾക്കു തന്നെ നേരിട്ടു വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റുകളും നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| ബി | വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; | ബി & സി | വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റുകൾ ഗുണഭോക്തൃ സമിതികൾക്ക് വിതരണം ചെയ്തുകൊണ്ടുള്ള ജല പരിശോധന പുതുതായി ഏർപ്പെടുത്തിയിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിനു കീഴിലുള്ള Ministry of Drinking Water and Sanitation മുഖേന എല്ലാ സംസ്ഥാനങ്ങളിലും കുടിവെള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള സി.സി.ഡി.യു. വഴിയാണ് വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളത്. ജലനിധി പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിനു ഒന്ന് എന്ന കണക്കിലാണ് നൽകിയിട്ടുള്ളത്. ഈ കിറ്റ് ഉപയോഗിച്ച് ഗുണഭോക്തൃ സമിതി അംഗങ്ങൾ അവരവരുടെ കുടിവെള്ള സ്കീമുകളുടെ പരിശോധന നടത്തുന്നതാണ്. ആറുമാസത്തിൽ ഒരിക്കൽ ആണ് ടെസ്റ്റുകൾ നടത്തുന്നത്.<br><br>സംസ്ഥാനത്ത് നിലവിലുള്ള ലാബുകൾക്കു പുറമേ കേന്ദ്രഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (NRDWP) യിൽ ഉൾപ്പെടുത്തി 31 സബ് ഡിവിഷണൽ ലാബുകൾക്കു കൂടി അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| സി | എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ